LIBRARY ARCHIVES Kerala Legislative Assembly

കലോത്സവ മാന്വൽ പരിഷ്കരണം

63(2921) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ ബാന്റ് മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരയിനമാക്കി കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

7-8-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ)214/2015/പൊ.വി. പ്രകാരം കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബാന്റ് മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരയിനമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികകൾ

64(2922) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ തസ്തികകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ സീനിയർ/ജൂനിയർ അദ്ധ്യാപകരുടെ എണ്ണം എത്രയാണ്;

(സി) ഓരോ വിഷയത്തിനും എത്ര ജൂനിയർ/സീനിയർ അദ്ധ്യാപകരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

മലപ്പുറം ജില്ലയിൽ ഹയർസെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ

65(2923) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഏതെല്ലാം വിഭാഗങ്ങളിൽ ഒഴിവുകൾ ഉണ്ടെന്നും അവ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ബി) ഹയർസെക്കണ്ടറിയിലെ അഞ്ചു വർഷത്തെ സ്ഥലം മാറ്റ വ്യവസ്ഥ പ്രകാരം എത്ര പേർ വിദ്യാലയങ്ങളിൽനിന്ന് വിടുതൽ ചെയ്യുവെന്നും എത്ര പേർ പുതുതായി ജോലിയിൽ പ്രവേശിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിവുകളില്ലാതിരിക്കുകയും സ്ഥലം മാറ്റ പ്രകാരം ജോലിയിൽ പ്രവേശിക്കുകയും വഴി ഒരേ തസ്തികയിൽ ഒന്നിലധികം പേർ ജോലി ചെയ്യുന്ന വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; ഇവരെ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ചടയമംഗലം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ

66(2924) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയും സ്കൂളുകളുടെ പേരും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രവേശനം അവസാനിപ്പിച്ച ശേഷം ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അനുമതി

67(2925) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയന വർഷത്തെ പ്രവേശനം അവസാനിപ്പിച്ച ശേഷം നാളിതു വരെ എത്ര ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അനുമതി നൽകിയെന്ന് അറിയിക്കാമോ; ഇതിൽ എയിഡഡ് മേഖലയിൽ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ അദ്ധ്യയന വർഷത്തെ പ്രവേശനം അവസാനിപ്പിച്ചശേഷം പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾക്കൊന്നും അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly